ഭരണഭാഷ മാതൃഭാഷ

സ്പോർട്സ്1/858504/2022/ഡി.ജി.ഇ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 25-04-2023

## പരിപത്രം

**വിഷയം:-** പൊ.വി- സ്പോർട്സ് - 2022-23 വർഷത്തെ സ്പോർട്സ് ഗ്രേസ് മാർക്ക് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ -സംബന്ധിച്ച്.

**സൂചന:-** സ.ഉ (സാധാ) നമ്പർ 2534/2023/പൊ.വി.വ തീയതി.20/04/2023

2022-23 വർഷത്തെ സ്പോർട്സ് സർട്ടിഫിക്കറ്റുകൾക്ക് ഗ്രേസ്മാർക്ക് നൽകുന്നതിനായി സൂചനാ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു. ഗ്രേസ് മാർക്കിനുള്ള അപേക്ഷകൾ അതാത് സ്കൂളിലെ പ്രധാനാധ്യാപകർ/പ്രിൻസിപ്പൽമാർ മാനദണ്ഡങ്ങൾക്ക് അനുസരിച്ച് കൃത്യമായി ഓൺലൈൻ ചെയ്യേണ്ടതാണ്. മാനദണ്ഡങ്ങൾ പാലിക്കാത്ത അപേക്ഷകൾ നിരസിക്കുന്നതും, ആയതിന് ഉത്തരവാദി പ്രധാനാധ്യാപകർ/പ്രിൻസിപ്പൽമാർ ആയിരിക്കും എന്നും ഇതിനാൽ അറിയിക്കുന്നു.

## I. പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിച്ച സ്പോർട്സ് മത്സരങ്ങൾക്ക് ഗ്രേസ് മാർക്ക് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

1 **എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾ ആയിരിക്കണം.**

2 **തോറ്റ കുട്ടികൾ അവരുടെ 2-ാമത്തെ അവസരത്തിന് ഗ്രേസ്മാർക്കിനു അർഹതയുണ്ടായിക്കും. ഇതിന് അവരുടെ പഠന കാലയളവിൽ ലഭിച്ച സർട്ടി ഫിക്കറ്റായിരിക്കണം ഹാജരാക്കേണ്ടത്. എന്നാൽ 3-ാമത്തെ അവസരത്തിന് ഗ്രേസ് മാർക്ക് ലഭിക്കുന്നതല്ല.**

3 **പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന സംസ്ഥാന മത്സരങ്ങൾക്ക് ലഭിക്കുന്ന മെറിറ്റ് സർട്ടിഫിക്കറ്റുകൾ,SGFI (School Games Federation of India) നടത്തുന്ന ദേശീയ മത്സരങ്ങൾക്ക് ലഭിക്കുന്ന മെറിറ്റ്/പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റുകൾ, SGFI മുഖാന്തിരം സംഘടിപ്പിക്കപ്പെടുന്ന അന്തർദേശീയ മത്സരങ്ങൾക്കു ലഭിക്കുന്ന മെറിറ്റ്/പാർട്ടിസിപ്പേഷൻ എന്നീ സർട്ടിഫിക്കറ്റുകളാണ് ഗ്രേസ്മാർക്കിനായി പരിഗണിക്കുന്നത്.**

4 8-ാം ക്ലാസിലും 9-ാം ക്ലാസിലും പഠിക്കുമ്പോൾ സ്പോർട്സിന് ലഭിച്ച സംസ്ഥാന മെറിറ്റ്/ ദേശീയമെറിറ്റ്, അന്തർദേശീയ മെറിറ്റ്/പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റുകൾക്ക് 10-ാം ക്ലാസിലെ പരീക്ഷയ്ക്ക് ഗ്രേസ്മാർക്ക് ലഭിക്കുന്നതിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്നു.

- 8-ാം ക്ലാസിലെ സർട്ടിഫിക്കറ്റാണ് ഗ്രേസ്മാർക്കിന് അപേക്ഷിക്കുന്നതെങ്കിൽ 9-ാം ക്ലാസിലും, 10-ാം ക്ലാസിലും പഠിക്കുമ്പോൾ കുറഞ്ഞത് ജില്ലാ മത്സരങ്ങളിലേതെങ്കിലും പങ്കെടുത്ത അംഗീകൃത സർട്ടിഫിക്കറ്റ് അതോടൊപ്പം ഹാജരാ ക്കേണ്ടതാണ്..
- 9-ാം ക്ലാസിലെ സർട്ടിഫിക്കറ്റാണ് മാർക്കിന് അപേക്ഷിക്കുന്നതെങ്കിൽ 10-ാം ക്ലാസിൽ കുറഞ്ഞത് ജില്ലാ മത്സരങ്ങളിലേതെങ്കിലും പങ്കെടുത്ത അംഗീകൃത സർട്ടിഫിക്കറ്റ് അതോടൊപ്പം ഹാജരാക്കേണ്ടതാണ്.

5. അതാത് വർഷം ജൂൺ 01 മുതൽ മെയ് 31 വരെ നടന്ന മത്സരങ്ങൾക്ക് ലഭിച്ച സർട്ടിഫിക്കറ്റുകൾ സഹിതമാണ് ഗ്രേസ് മാർക്കിന് അപേക്ഷിക്കേണ്ടത്.

മേൽ പ്രസ്താവിച്ച വ്യവസ്ഥകൾ പ്രകാരം ലഭിച്ച അന്തർദേശീയ/ ദേശീയ/സംസ്ഥാന സർട്ടിഫിക്കറ്റുകൾക്ക് നൽകുന്ന ഗ്രേസ്മാർക്കിന്റെ വിവരം ചുവടെ ചേർക്കുന്നു.

- അന്തർദേശീയ തലത്തിൽ പങ്കാളിത്തത്തിന് 30 മാർക്ക്
- ദേശീയ തലത്തിൽ ഏതെങ്കിലും മെഡൽ നേടിയവർക്ക് 25 മാർക്ക്
- സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം 20 മാർക്ക്
- സംസ്ഥാന തലത്തിൽ രണ്ടാം സ്ഥാനം 17 മാർക്ക്
- സംസ്ഥാന തലത്തിൽ മൂന്നാം സ്ഥാനം 14 മാർക്ക്
- സംസ്ഥാന തല ഗെയിംസ്, അത്‌ലറ്റിക്സ്, അക്വാട്ടിക്സ് മത്സരങ്ങളിൽ 4-ാം സ്ഥാനം വരെ നേടുന്നവർക്ക് 7 മാർക്ക്

## II. സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ച മത്സരങ്ങൾക്ക് ഗ്രേസ് മാർക്ക് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

1. കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകളുടെ മത്സര ഇനമായിരിക്കണം.

2. എസ്.എസ്.എൽ.സി., ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾ ആയിരിക്കണം.

3. തോറ്റ കുട്ടികൾ അവരുടെ 2-ാമത്തെ അവസരത്തിന് ഗ്രേസ്മാർക്കിനു അർഹത യുണ്ടായിക്കും. ഇതിന് അവരുടെ ആദ്യ അവസര കാലയളവിൽ ലഭിച്ച സർട്ടിഫിക്കറ്റായിരിക്കണം ഹാജരാക്കേണ്ടത്. എന്നാൽ 3-ാമത്തെ അവസരത്തിന് ഗ്രേസ് മാർക്ക് ലഭിക്കുന്നതല്ല.

4. 8-ാം ക്ലാസിലും 9-ാം ക്ലാസിലും പഠിക്കുമ്പോൾ ലഭിച്ച സംസ്ഥാന മെറിറ്റ്/ ദേശീയ മെറിറ്റ്, അന്തർദേശീയ മെറിറ്റ്/പാർട്ടിസിപ്പേഷൻ എന്നീ സർട്ടിഫിക്കറ്റുകൾക്ക് 10-ാം ക്ലാസിലെ പരീക്ഷയ്ക്ക് ഗ്രേസ്മാർക്ക് ലഭിക്കുന്നതിന് താഴെ പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമാണ്.

   **a)** 8-ാം ക്ലാസിലെ സർട്ടിഫിക്കറ്റാണ് ഗ്രേസ് മാർക്കിന് അപേക്ഷിക്കുന്നതെങ്കിൽ 9-ാംക്ലാസിലും, 10-ാം ക്ലാസിലും പഠിക്കുമ്പോൾ കുറഞ്ഞത് ജില്ലാ മത്സരങ്ങളിലെങ്കിലും പങ്കെടുത്ത അംഗീകൃത സർട്ടിഫിക്കറ്റ് അതോടൊപ്പം ഹാജരാക്കണം.

   **b)** 9-ാം ക്ലാസിലെ സർട്ടിഫിക്കറ്റാണ് ഗ്രേസ് മാർക്കിനായി അപേക്ഷിക്കുന്നതെങ്കിൽ 10-ാം ക്ലാസിൽ കുറഞ്ഞത് ജില്ലാ മത്സരങ്ങളിലെങ്കിലും പങ്കെടുത്ത അംഗീകൃത സർട്ടിഫിക്കറ്റ് അതോടൊപ്പം ഹാജരാക്കണം.

5. അതാത് അധ്യയന വർഷം (ജൂൺ 01 മുതൽ മെയ് 31 വരെ) നടന്ന മത്സരങ്ങൾക്ക് ലഭിച്ച സർട്ടിഫിക്കറ്റുകൾ സഹിതമാണ് ഗ്രേസ് മാർക്കിന് അപേക്ഷിക്കേണ്ടത്.

6. കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകൾ നടത്തുന്ന അക്വാട്ടിക്സ്, അത്‌ലറ്റിക്സ്, ഗെയിംസ് മത്സര ഇനങ്ങളിൽ (കേരളസംസ്ഥാനസ്പോർട്സ് കൗൺസിൽ അംഗീകരിച്ച മത്സര ഇനങ്ങളിൽ പങ്കെടുത്ത് ദേശീയ / അന്തർദേശീയ മത്സരങ്ങൾക്ക് ലഭിച്ച മെരിറ്റ് / പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റുകൾ) 1, 2, 3 ,4 സ്ഥാനങ്ങൾ ലഭിച്ച മത്സരാർത്ഥികൾക്കാണ് ഗ്രേസ് മാർക്ക് അനുവദിക്കുന്നത്. എന്നാൽ ഫെഡറേഷനുകൾ നടത്തുന്ന സൗത്ത് സോൺ / ഫെഡറേഷൻ കപ്പ് എന്നീ മത്സരങ്ങൾക്ക് ഗ്രേസ്മാർക്ക് ഉണ്ടായിരിക്കുന്നതല്ല.

മേൽ പ്രസ്താവിച്ച വ്യവസ്ഥകൾ പ്രകാരം ലഭിച്ച അന്തർദേശീയ/ ദേശീയ/സംസ്ഥാന സർട്ടിഫിക്കറ്റുകൾക്ക് നൽകുന്ന ഗ്രേസ്മാർക്കിന്റെ വിവരം ചുവടെ ചേർക്കുന്നു.

- അന്തർദേശീയ തലത്തിൽ പങ്കാളിത്തത്തിന് 30 മാർക്ക്
- ദേശീയ തലത്തിൽ ഏതെങ്കിലും മെഡൽ നേടിയവർക്ക് 25 മാർക്ക്
- സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം 20 മാർക്ക്

- സംസ്ഥാന തലത്തിൽ രണ്ടാം സ്ഥാനം 17 മാർക്ക്
- സംസ്ഥാന തലത്തിൽ മൂന്നാം സ്ഥാനം 14 മാർക്ക്
- സംസ്ഥാന തല ഗെയിംസ്, അത്‌ലറ്റിക്സ്, അക്വാട്ടിക്സ് മത്സരങ്ങളിൽ 4-ാം സ്ഥാനം വരെ നേടുന്നവർക്ക് 7 മാർക്ക്

മേൽപറഞ്ഞ പ്രകാരമുള്ള സർട്ടിഫിക്കറ്റുകൾ താഴെ പറയുന്ന രീതിയിൽ പരിശോധനയ്ക്ക് വിധേയമാക്കണം.

7. സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകൾ / ഫെഡറേഷനുകൾ സംസ്ഥാന / ദേശീയ / അന്തർദേശീയ തലത്തിൽ നടത്തുന്ന സ്പോർട്സ് / ഗെയിംസ് ഇനങ്ങളിൽ പങ്കെടുത്ത് ഗ്രേസ് മാർക്കിന് അർഹത നേടുന്ന വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ, ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറി അംഗീകാരമുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയതായിരിക്കണം. ഇപ്രകാരം സ്പോർട്സ് കൗൺസിൽ സെക്രട്ടറി പരിശോധിച്ച് അംഗീകാരമുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ മാത്രം ഓൺലൈൻ മുഖാന്തിരം സമർപ്പിക്കുവാൻ എല്ലാ പ്രധാനാധ്യാപകരും /പ്രിൻസിപ്പൽമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
8. നിലവിൽ അപേക്ഷ അയച്ചവർ മേൽപറഞ്ഞ മാനദണ്ഡങ്ങൾ പ്രകാരം വീണ്ടും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**III.** ഗ്രേസ്മാർക്ക്, കുട്ടിക്ക് ഒരിക്കൽ നൽകുന്നതിനാൽ അടുത്ത തലത്തിലേക്കുള്ള അഡ്മിഷന് ഗ്രേസ്മാർക്കിന്റെ അടിസ്ഥാനത്തിൽ വീണ്ടും അധികമായി ഇൻഡക്സ്മാർക്ക് (ബോണസ്മാർക്ക്) നൽകുന്നതല്ല.

**IV.** വിവിധ ഇനങ്ങളിൽ പങ്കെടുത്ത് ഗ്രേസ്മാർക്കിന് അർഹരായിട്ടുണ്ടെങ്കിൽ അവയിൽ ഏതിനത്തിലാണോ കൂടുതൽ മാർക്ക് ലഭിക്കുന്നത് ആ ഇനത്തിന് ലഭിക്കുന്ന മാർക്ക് മാത്രമേ നൽകുകയുള്ളൂ.

**V.** ഹയർ സെക്കണ്ടറി /വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷ ഗ്രേസ്മാർക്ക് 18.01.2022 ലെ സ.ഉ (സാധാ) നം.394/2022/പൊവിവ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

**VI.** മേൽ നിർദേശ പ്രകാരം പത്താം ക്ലാസിലെ ഗ്രേസ്മാർക്കിന് അർഹത നേടിയ കുട്ടികളുടെ അപേക്ഷകൾ ഓൺലൈൻ മുഖാന്തിരം ചെയ്യേണ്ടതും ആയതിന്റെ

പ്രിന്റൗട്ടിനോടൊപ്പം ഹാൾ ടിക്കറ്റ്, ഗ്രേസ്മാർക്കിന് അർഹതപ്പെട്ട സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ബന്ധപ്പെട്ട പ്രഥമാധ്യാപകർ അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് **03.05.2023** നകം സമർപ്പിക്കേണ്ടതാണ് .

VII. ഇപ്രകാരം ലഭിച്ച അപേക്ഷകളും അനുബന്ധ രേഖകളും അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർ പരിശോധിച്ച് കത്തോടുകൂടി പ്രത്യേക ദൂതൻ മുഖാന്തിരം **06.05.2023** വൈകുന്നേരം **5** മണിക്ക് മുമ്പായി വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സ്പോർട്സ് സെക്ഷനിൽ എത്തിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

1. സെക്രട്ടറി, സംസ്ഥാന സ്പോർട്സ് കൗൺസിൽ (ജില്ല സെക്രട്ടറിമാർക്ക് ഇത് സംബന്ധിച്ച നിർദേശം നൽകേണ്ടതാണ്)
2. സെക്രട്ടറി, പരീക്ഷഭവൻ ,പൂജപ്പുര,തിരുവനന്തപുരം
3. ജോയിന്റ് ഡയറക്ടർ, ഹയർ സെക്കണ്ടറി /വോക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം
4. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (താങ്കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ ഹൈസ്കൂൾ പ്രധാന അധ്യാപകർക്കും അറിവിലേക്കായി അയച്ചു കൊടുക്കേണ്ടതാണ് )

1. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (താങ്കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ ഹൈസ്കൂൾ പ്രധാന അധ്യാപകർക്കും അറിവിലേക്കായി അയച്ചു കൊടുക്കേണ്ടതാണ് )

6. എല്ലാ പ്രധാന അധ്യാപകർക്കും (ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ ജില്ല വിദ്യാഭ്യാസ ഓഫീസർമാർ മുഖാന്തിരം )
7. വൈസ് ചെയർമാൻ & എക്സിക്യുട്ടീവ്ഡയറക്ടർ,കൈറ്റ്,പൂജപ്പുര, തിരുവനന്തപുരം (ഔദ്യോഗിക വെബ്സ!!ൈ!!റ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

9. കരുതൽ ഫയൽ